**THE PLANTATION CORPORATION OF KERALA LTD**

(An ISO 9001:2015 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997

☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

SINCE 1962

PRO/F-110/CR/6118 10.03.2025

**ടെണ്ടർ നോട്ടീസ്**

**കശുമാവ് റീപ്ലാന്റിംഗ്- ഇ-ടെൻഡർ/സീൽഡ് ടെൻഡർ**

**പ്ലാന്റേഷൻ കോർപ്പറേഷന്റെ *താഴെക്കൊടുത്തിരിക്കുന്ന എസ്റ്റേറ്റുകളിൽ* 2025 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യേണ്ടുന്ന താഴെപ്പറയുന്നതായ ഏരിയയിൽ, റീപ്ലാന്റിങ് മുന്നൊരുക്ക പ്രവൃത്തികൾ/ പ്ലാന്റിംഗ്/ ഇടവിളകൃഷി/റബ്ബർതൈ സംരക്ഷണ പ്രവൃത്തികൾക്കുള്ള (I, II, III, IV, V, VI) ഇ-ദർഘാസ് / ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.**

I. പ്രവൃത്തി-I: 2025 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യാനുദ്ദേശിക്കുന്ന ബ്ലോക്കുകളിൽ കാട് വെട്ടി, വൃത്തിയാക്കി തരുന്നതിന്

II. പ്രവൃത്തി-II: 2025 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യാനുദ്ദേശിക്കുന്ന, കാട് വെട്ടി, വൃത്തിയാക്കിയിട്ടിട്ടുള്ള ബ്ലോക്കുകളിൽ, കേരളാ കാർഷീക സർവകലാശാലയുടെ കശുമാവ് കൃഷിക്കായുള്ള "package of practices" ന് വിധേയമായി ടെറസും കുഴിയുമെടുത്ത് തരുന്നതിന്

III. പ്രവൃത്തി-III: 2025വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യാനുദ്ദേശിക്കുന്ന, കാട് വെട്ടി, ഭൂമി തയ്യാറാക്കി, ടെറസ്സും കുഴിയുമെടുത്ത് തയാറാക്കിയിട്ടിരിക്കുന്ന ബ്ലോക്കുകളിൽ, കോർപ്പറേഷൻ നൽകുന്ന കശുമാവ് തൈകൾ കേരളാ കാർഷീക സർവകലാശാലയുടെ കശുമാവ് കൃഷിക്കായുള്ള "package of practices" ന് വിധേയമായി നട്ടുതരുന്നതിന്

*IV.* **പ്രവൃത്തി-IV:*പ്ലാന്റേഷൻ കോർപ്പറേഷൻറെ താഴെക്കൊടുത്തിരിക്കുന്ന എസ്റ്റേറ്റുകളിൽ 2025 വർഷം കശുമാവ് തൈകൾ നട്ടുന്നതിനായി കാട് വെട്ടി, ഭൂമി തയ്യാറാക്കി, ടെറസ്സും കുഴിയുമെടുത്ത്, കശുമാവ് തൈകൾ (കോർപ്പറേഷൻ നൽകുന്ന) കേരളാ കാർഷീക സർവകലാശാലയുടെ കശുമാവ് കൃഷിക്കായുള്ള "package of practices" ന് വിധേയമായി നട്ടുതരുന്നതിന്"***

*V.* **പ്രവൃത്തി-V: *പ്ലാന്റേഷൻ കോർപ്പറേഷൻറെ താഴെക്കൊടുത്തിരിക്കുന്ന എസ്റ്റേറ്റുകളിൽ 2025 വർഷം കശുമാവ് തൈകൾ നട്ടുന്നതിനായി കാട് വെട്ടി, ഭൂമി തയ്യാറാക്കി, ടെറസ്സും കുഴിയുമെടുത്ത്,*** ബ്ലോക്കുകൾക്ക് ചുറ്റും ക്രേതാവ് സ്വന്തം ചെലവിൽ സൗരോജവേലി നിർമിച്ച് (ആവശ്യമുള്ള ബ്ലോക്കുകൾക്കു മാത്രം) ***കോർപ്പറേഷൻ നൽകുന്ന കശുമാവ് തൈകൾ കേരളാ കാർഷീക സർവകലാശാലയുടെ കശുമാവ് കൃഷിക്കായുള്ള "package of practices" ന് വിധേയമായി നട്ടുതരുന്നതിനും, നട്ട കശുമാവ് തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, മറ്റു രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ ക്രേതാവ് സ്വന്തം നിലയിൽ നടത്തി, കശുമാവ് തൈകൾ വന്യജീവികളുടെയും, മറ്റു ക്ഷുദ്രജീവികളുടെയും, ആക്രമണങ്ങളിൽ നിന്നും സംരക്ഷിച്ചുതരുന്നതിന്"***

*VI.* **പ്രവൃത്തി-VI: *പ്ലാന്റേഷൻ കോർപ്പറേഷൻറെ താഴെക്കൊടുത്തിരിക്കുന്ന എസ്റ്റേറ്റുകളിൽ 2025 വർഷം കശുമാവ് തൈകൾ നട്ടുന്നതിനായി കാട് വെട്ടി, ഭൂമി തയ്യാറാക്കി, ടെറസ്സും കുഴിയുമെടുത്ത്,*** ആവശ്യമുള്ള ബ്ലോക്കുകൾക്കു ചുറ്റും മാത്രം(ചുവടെ കാണിച്ചിരിക്കുന്ന) ക്രേതാവ് സ്വന്തം ചെലവിൽ സൗരോജവേലി നിർമിച്ച് ***കോർപ്പറേഷൻ നൽകുന്ന കശുമാവ് തൈകൾ കേരളാ കാർഷീക സർവകലാശാലയുടെ കശുമാവ് കൃഷിക്കായുള്ള "package of practices" ന് വിധേയമായി നട്ടുതരുന്നതിനും, 36 മാസം സ്വന്തം ചിലവിൽ പൈനാപ്പിൾ/ഇഞ്ചി/മഞ്ഞൾ എന്നിവ ഇടവിളയായി***

***കൃഷി ചെയ്യ അംശാദായം കോർപ്പറേഷന് നൽകിക്കൊണ്ട്, നട്ട കശുമാവ് തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, മറ്റ രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ ക്രേതാവ് സ്വന്തം നിലയിൽ നടത്തി, കശുമാവ് തൈകൾ വന്യജീവികളുടെയും, മറ്റ ക്ഷുദ്രജീവികളുടെയും, ആക്രമണങ്ങളിൽ നിന്നും സംരക്ഷിച്ചുതരുന്നതിന്"***

| SL. NO. | Estate & District | Division | Block | Area (Ha.) (Approx.) | കുഴിയും, ടെറസ്സും ഉൾപ്പെടെ എണ്ണം/ആകെ നടേണ്ട തൈകളുടെ എണ്ണം (ഉദ്ദേശം) | Remarks (If Any) |
|---|---|---|---|---|---|---|
| 1. | Rajapuram, Kasargode | Panathur | Kalleppally I | 58.16 | 23264 | |
| 2. | Rajapuram, Kasargode | Panathur | Kammady II | 40 | 16000 | |
| 3. | Mannarghat, Palakkad | Anamooli | Anamooli | 77.15 | 30860 | സൌരോർജ്ജ വേലി നിർമ്മിക്കണം. |

<u>പ്രവർത്തി I-ന് ബാധകമായ നിബന്ധനകൾ</u>

1. കാട് അടിച്ചേർത്ത് വെട്ടി, ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിൽ വാരിക്കൂട്ടി, ഏരിയ വൃത്തിയാക്കിത്തരുന്നതിന്, ഒരു ഹെക്ടർ ഏരിയക്ക് കോർപ്പറേഷൻ ക്രേതാവിനു നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.
2. 20 ഇഞ്ചിൽ താഴെ ചുറ്റളവുള്ള മരങ്ങളും, മറ്റ് കുറ്റിക്കാടുകളും അടിച്ചേർത്തു മുറിച്ചുമാറ്റേണ്ടതാണ്.
3. വർക്ക് ഓർഡർ കിട്ടി 3 ദിവസത്തിനുള്ളിൽ കരാർ ജോലികൾ തുടങ്ങേണ്ടതും 30 ദിവസങ്ങൾക്കകം ജോലികൾ തൃപ്തികരമായി പൂർത്തിയാക്കേണ്ടതുമാണ്.

<u>പ്രവർത്തി II-ന് ബാധകമായ നിബന്ധനകൾ</u>

1. **കുഴികളുടെയും, ടെറസ്സിന്റെയും ഉദ്ദേശം എണ്ണമാണ് നോട്ടീസിൽ കാണിച്ചിരിക്കുന്നത്. ആയതു കൂടാനോ കുറയാനോ സാധ്യതയുണ്ട്.**
2. **3 X 3 അടി അളവിൽ ഒറ്റ ടെറസ്സ് (Single Terrace) എടുത്ത്, ആയതിന് മധ്യത്തിലായി 2 അടി നീളത്തിലും, 2 അടി വീതിയിലും, 2 അടി താഴ്ചയിലും ആണ് കുഴികൾ എടുക്കേണ്ടത്. ടെറസിന്റെ മുൻവശം മണ്ണുവെട്ടിമാറ്റി പുറകുവശത്തേക്കാൾ ഒരടി താഴ്ചയിൽ സ്ലോപ്പുണ്ടാക്കിയാണ് നിർമ്മിക്കേണ്ടത്.**
3. കുഴികൾ എടുക്കേണ്ട സ്ഥാനങ്ങളിൽ കോർപ്പറേഷൻ അടിച്ചിരിക്കുന്ന കുറ്റികൾ, ടെറസിന്റെ കൃത്യം നടുഭാഗത്ത് വരത്തക്കവിധമാണ് ടെറസ് വെട്ടേണ്ടത്. നിബന്ധനകൾപ്രകാരം ഗുണനിലവാരം ഇല്ലാത്ത ടെറസുകളും, കുഴികളും പേയ്മെന്റിനായി പരിഗണിക്കുന്നതല്ല.
4. ഇപ്രകാരം, ഒരു ടെറസ്സും, ഒരു കുഴിയും എടുത്തുതരുന്നതിനും കോർപ്പറേഷൻ ക്രേതാവിന് നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെൻഡറിൽ കാണിക്കേണ്ടത്. രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.
4. വർക്ക് ഓർഡർ കിട്ടി 3 ദിവസത്തിനുള്ളിൽ കരാർ ജോലികൾ തുടങ്ങേണ്ടതും 30 ദിവസങ്ങൾക്കകം ജോലികൾ തൃപ്തികരമായി പൂർത്തിയാക്കേണ്ടതുമാണ്.
5. ടെറസും കുഴിയും എടുക്കുന്ന ഏരിയയിൽ ഉണ്ടായേക്കാവുന്ന കല്ല്, വേരുകൾ, കുറ്റികൾ മുതലായവ ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിലേക്ക് ക്രേതാവ് തന്നെ നീക്കം ചെയ്തു തരേണ്ടതാണ്.
6. ഹിറ്റാച്ചി/ജെ സി ബി ഉപയോഗിച്ച് ടെറസ്സും കുഴിയും എടുക്കാൻ ബുദ്ധിമുട്ടുള്ള ഏരിയകളിൽ, ക്രേതാവ് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പ്രസ്തുത പ്രവർത്തികൾ നിർവഹിക്കേണ്ടതാണ്.

## പ്രവർത്തി III -ന് ബാധകമായ നിബന്ധനകൾ

1. ഡിവിഷൻ ഓഫീസിനടുത്തു കോർപ്പറേഷൻ എത്തിച്ചു തരുന്ന കൂട തൈകൾ സ്വന്തം ചിലവിൽ എടുത്തുകൊണ്ടുപോയി ഓരോ കുഴിയിലും നട്ടുതരേണ്ടതാണ് .
2. കോർപ്പറേഷൻ നൽകുന്ന നിശ്ചിത അളവിലുള്ള GI Mesh/welded mesh ഡിവിഷൻ ഓഫീസിൽ നിന്നും എടുത്തുകൊണ്ടു പോയി ഡിവിഷൻ അധികാരിയുടെ നിർദ്ദേശാനുസരണം നട്ട തൈകൾക്ക് ചുറ്റും അര അടി ആഴത്തിൽ കരാറുകാരൻ സ്വന്തം ചിലവിൽ ഉറപ്പിച്ചു തരേണ്ടതാണ്.
3. തൈകൾ നടുമ്പോൾ പ്ലാസ്റ്റിക് കവർ നീക്കം ചെയ്യേണ്ടതും, ആയത് ഡിവിഷനിലെ ജീവനക്കാരെ എണ്ണി ഏല്പിക്കേണ്ടതുമാണ്. കൂടയിലെ പ്ലാസ്റ്റിക് കവർ നീക്കം ചെയ്യുമ്പോൾ കൂടയിലെ മണ്ണിനു ഇളക്കം തട്ടാൻ പാടില്ല.
4. തൈകൾ നടാൻ വേണ്ടി മാർക്ക് ചെയ്തിരിക്കുന്ന സ്ഥലത്തെ മൂടിയിട്ടിരിക്കുന്ന കുഴികൾ തുറന്ന് കോർപ്പറേഷൻ നൽകുന്ന അടിവളം കുഴിയിൽ ഇട്ടതിനുശേഷം തൈകൾക്ക് കേടുപാടുകൾ സംഭവിക്കാതെ നട്ടുതരേണ്ടതാണ്. തൈകൾ നട്ടതിനുശേഷം തൈകൾക്ക് ചുറ്റും മണ്ണിട്ടുറപ്പിച്ച് ടെറസ് വൃത്തിയാക്കിത്തരേണ്ടതുമാണ്. തൈകൾ നടുമ്പോൾ കുഴിയിലെ കല്ല്, വേര് മുതലായവ നീക്കം ചെയ്യേണ്ടതാണ്.
5. തൈകൾ നടുമ്പോൾ ഗ്രാഫ്റ്റ് ചെയ്ത ഭാഗം തറനിരപ്പിനു തൊട്ടു മുകളിൽ വരുന്ന വിധത്തിലും നടേണ്ടതാണ്.
6. ഇപ്രകാരം ഒരു കശുമാവ് തൈ നട്ടു തരുന്നതിന് കോർപ്പറേഷൻ ക്രേതാവിന് നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെൻഡറിൽ കാണിക്കേണ്ടത്. രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.
7. ഇത്തരത്തിൽ ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 400 എണ്ണം എന്ന കണക്കിൽ കശുമാവ് തൈകൾ നടേണ്ടതാണ്.
8. നടുവാനുള്ള കശുമാവ് തൈകൾ കോർപ്പറേഷൻ നൽകുന്നതായിരിക്കും. 2025 ജൂലൈ 31 നു മുന്പായി കരാറുകാരൻ തൈകൾ മുഴുവനായും നട്ടു തീർക്കേണ്ടതാണ്.

## പ്രവർത്തി IV, V എന്നിവയ്ക്ക് ബാധകമായ നിബന്ധനകൾ

1. ***കേരളാ കാർഷിക സർവകലാശാലയുടെ കശുമാവ് കൃഷിക്കായുള്ള "package of practises"-പ്രകാരം*** നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ പ്രവർത്തി IV, V എന്നിവ തൃപ്തികരമായി ചെയ്തുതരുമ്പോൾ, ഹെക്ടർ ഒന്നിന്, കരാർ കാലയളവിൽ കോർപ്പറേഷൻ ക്രേതാവിനു നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ബ്ലോക്കുകൾക്ക് പ്രത്യേകം പ്രത്യേകമായി ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്.
2. രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.

## പ്രവർത്തി VI -ന് ബാധകമായ നിബന്ധനകൾ

1. പ്രവൃത്തി VI–ന് പ്രതിഫലമായി ക്രേതാവിന് നൽകുന്നത് നിർദിഷ്ട റീപ്ലാന്റിംഗ് ബ്ലോക്കുകളിൽ ക്രേതാവ് കൃഷി ചെയ്തിട്ടുള്ള ഇടവിളകളിൽ നിന്ന് ആദായം വിൽപന നടത്തുന്നതിനുള്ള അവകാശമാണ്. ഇപ്രകാരം ഹെക്ടർ ഒന്നിന് അംശാദായമായി (ടി-ഏരിയയിലെ തൈകളുടെ തുടർവർഷങ്ങളിലെ പരിപാലത്തിനായി) ക്രേതാവ് കോർപറേഷന് നൽകാൻ തയാറുള്ള മൂന്ന് വർഷത്തെ മൊത്തമായ തുകയാണ് (ടാക്സ് ഒഴികെ) ഇ-ദർഘാസ്/ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.
2. ഇ-ദർഘാസിലും, ദർഘാസിലും ലഭിച്ച ഏറ്റവും കൂടിയ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്. കരാർ കാലാവധി, എഗ്രിമെന്റ് വച്ചതിനുശേഷം കോർപ്പറേഷൻ ഏരിയ

കരാറുകാരനെ ഏൽപ്പിക്കുന്ന ദിവസം മുതൽ 42 മാസം (കലണ്ടർ മാസം) ആയിരിക്കും. ആയതിൽ അവസാനത്തെ 6 മാസം ഇടവിളയായി കൃഷി ചെയ്തിട്ടുള്ള ചെടികളുടെ അവശിഷ്ടം നീക്കം ചെയ്യുന്നതിനുള്ളതാണ്.

3. ഇടവിളയായി നടുന്നതിനുള്ള പൈനാപ്പിൾ/ഇഞ്ചി/മഞ്ഞൾ ക്രേതാവ് സ്വന്തം ചെലവിൽ വാങ്ങി, ഏരിയയിൽ എത്തിച്ച നടേണ്ടതാണ്.
4. ഓരോ കശുമാവ് തൈകൾക്കും 1.5 മീറ്റർ ചുറ്റളവിലും, കയ്യാലക്കു ചേർന്നുള്ള ഭാഗത്ത് ഒന്നര അടി വീതിയിലും, ടെറസ്സ് പൂർണ്ണമായും, എസ്റ്റേറ്റ് റോഡുകളും കൈവഴികളും ഒഴിച്ചിട്ട് ബാക്കിയുള്ള സ്ഥലംമാത്രമേ ഇടവിള കൃഷിക്കായി ഉപയോഗിക്കാൻ പാടുള്ളൂ.
5. ഇടവിളകൃഷിക്കായി ഏരിയയിൽ ഉപയോഗിക്കുന്ന രാസവസ്തുക്കൾ സംസ്ഥാന കൃഷി വകുപ്പിന്റെ അംഗീകാരമുള്ളതും യാതൊരുവിധത്തിലും കോർപ്പറേഷൻറെ തൈകൾകളുടെ സ്വാഭാവിക വളർച്ചയെ തടസ്സപ്പെടുത്താൻ പാടില്ലാത്തതുമാണ്.

<u>പ്രവർത്തി I, II, III- എന്നിവക്ക് ബാധകമായ പൊതു നിബന്ധനകൾ</u>

1. 30%, 60%, 90% ജോലി പൂർത്തീകരിക്കുന്ന മുറക്ക്, ചെയ്തുതീർത്ത ജോലിയുടെ 70% തുക പാർട്ട് പേയ്മെന്റായി നൽകുന്നതാണ്.
2. കരാർ ജോലി തൃപ്തികരമായി പൂർത്തിയാക്കി മാനേജരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകുന്നതാണ്.
3. മേൽ പ്രവർത്തികൾ ചെയ്യുന്നതിന് ആവശ്യമായ മെഷീനുകൾ സ്വന്തം ചെലവിലും, ഉത്തരവാദിത്വത്തിലും കൊ□ ുവരേ□ തും അവ ഉപയോഗിച്ച് നിർദ്ദിഷ്ട ജോലി യഥാസമയം പൂർത്തീകരിക്കേ താണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തികൾ പൂർത്തിയാക്കാത്ത പക്ഷം ടെ ർ തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴ ഈടാക്കി ടി-പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് പരമാവധി 10 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും ജോലി തീർക്കാതിരിക്കുകയോ, കരാർ ജോലി പൂർത്തീകരിക്കാതെ ഉപേക്ഷിക്കുകയോ, ജോലി തൃപ്തി കരമായി പുരോഗമിക്കാതിരിക്കുകയോ ചെയ്യാത്ത പക്ഷം കരാർ ഉടമ്പടി റദ്ദ ചെയ്യുന്നതും, ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ, ആവശ്യമെങ്കിൽ കരാർ പ്രവൃത്തികൾ പുന:ക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. തന്മൂലം കോർപ്പറേഷന് ഉണ്ടാകാവുന്ന ചെലവുകളും, നഷ്ടവും ക്രേതാവിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്. കൂടാതെ ക്രേതാവിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.

<u>പ്രവർത്തി I, II, III, IV,V,VI എന്നിവക്ക് ബാധകമായ പൊതുനിബന്ധനകൾ</u>

1. ഇ-ദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 25.03.2025-ന് 3.00 PM വരെയാണ്. തുടർന്ന് അന്നേദിവസം 3.30 പി.എം.-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവെച്ച് തുറക്കുന്നതുമാണ്. ഇ-ദർഘാസ്സ് തുറക്കുന്ന തീയതി 26.03.2025-ന് 3.30 പി.എം. ആണ്.
2. **ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർഷറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ (പി.സി.കെ. ലിമിറ്റഡ്) നിക്ഷിപ്തമായിരിക്കും.** അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ,

ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്.

3. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | യൂണിറ്റ് | മൊബൈൽ/ലാൻഡ് നമ്പർ |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369 0481-2578301-04 |
| ശ്രീ.യു.സജീവ് | മാനേജർ | രാജപുരം | 9447204200, 9605992079, 0467-2227247 |
| ശ്രീമതി.ഫാത്തിമ ഷിംജി | മാനേജർ | മണ്ണാർക്കാട് | 0492-4222264, 9895142394,9496076062 |

4. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
5. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയും, നിരതദ്രവ്യം ബ്ലോക്ക് ഒന്നിന് 5,000/-(അയ്യായിരം) രൂപയുമാണ്.
6. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക.
7. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മത പത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964))RTGS/ NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഒറിജിനൽ D.D. ടെണ്ടർ തുറക്കുന്ന സമയത്തിന് മുൻപായി പിസികെ ഹെഡ് ഓഫീസ്സ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
8. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ അതാത് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ തുറക്കുന്ന ദിവസ്ത്തിന് മുൻപായി അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ അതാത് എസ്റ്റേറ്റിൽ ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച രേഖയും

സഹിതം ടെൻഡർ തുറക്കുന്ന ദിവസം 3.00 pm-ന് മുൻപായി അതാത് എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

9. ഇ-ദർഘാസിലൂടെയോ, സീൽഡ് ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
10. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
11. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
12. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം 3.00 pm-ന് നടത്തുന്നതായിരിക്കും.
13. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
14. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
15. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).
16. ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ട തുക യഥാസമയം അടയ്ക്കുന്നതിന് വീഴ്ച്ച വരുത്തിയാൽ, അടക്കേണ്ട തുകയും, അടക്കേണ്ട തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴപ്പലിശയും സഹിതം അടച്ചുതീർക്കുന്നതിനു പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും തുക അടച്ചു തീർക്കാത്ത പക്ഷം കരാർ ഉടമ്പടി റദ്ദു ചെയ്യുന്നതും, ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ, ആവശ്യമെങ്കിൽ കരാർ പ്രവൃത്തികൾ പുന:ക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. കൂടാതെ ക്രേതാവിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.
17. I/II/III/IV-പ്രകാരമുള്ള പ്രവർത്തികൾക്കായി ടെൻഡർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ്, ആകെ ടെണ്ടർ തുകയുടെ 5% തുകയോ, 50,000 രൂപയോ, ഇവയിൽ ഏതാണോ കുറവ്, ആയത് കരുതൽധനമായി കോർപ്പറേഷനിൽ കെട്ടിവെക്കേണ്ടതും, 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്.
18. V/VI -പ്രകാരമുള്ള പ്രവർത്തികൾക്കായി ടെണ്ടർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ് താഴെപറയും പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കെട്ടി വയ്ക്കേണ്ടതും, 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെൻറ് വെക്കേണ്ടതുമാണ്.
    a.30 ഹെക്ടർ വരെയുള്ള ഏരിയയ്ക്ക് അടങ്കൽതുക 1,00,000 രൂപ
    b.30 ഹെക്ടറിൽ കൂടുതലുള്ള ഏരിയയ്ക്ക്, ഒരു ഹെക്ടറിന് 3,000 രൂപ നിരക്കിൽ (കുറഞ്ഞത് 1,00,000 രൂപ; പരമാവധി 3,00,000 രൂപ)
19. സെക്യൂരിറ്റി ഡെപ്പോസിറ്റ് ടെണ്ടർ കാലാവധി പൂർത്തിയാക്കി ജോലികൾ തൃപ്തികരമായി തീർത്തതിനുശേഷം ഒരു മാസത്തിനുള്ളിൽ പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.
20. കേരളാ കാർഷീക സർവകലാശാലയുടെ കശുമാവ് കൃഷിക്കായുള്ള "package of practises" ന് വിധേയമായി അഗ്രോ-മാനേജ്മെന്റ് സമ്പ്രദായങ്ങൾ (പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, രോഗപ്രതോരോധപ്രവർത്തനങ്ങൾ തുടങ്ങിയവ) യഥാസമയം ക്രേതാവിന്റെ സ്വന്തം ചെലവിൽ നിർവഹിക്കേണ്ടതാണ് (പ്രവർത്തി V-നും, VI-നും മാത്രം ബാധകം).

**21.** കീടനാശിനികളും മറ്റും ഏരിയയിൽ ഉപയോഗിക്കുമ്പോൾ കേരളാ കാർഷീക സർവകലാശാലയുടെ / കൃഷിവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് (പ്രവർത്തി V-നും, VI-നും മാത്രം ബാധകം).

22. നടുവാനുള്ള കശുമാവ് തൈകൾ, അതാത് തോട്ടങ്ങളിൽ, കോർപ്പറേഷൻ ജൂൺ മാസത്തിൽ എത്തിച്ചു നൽകുന്നതായിരിക്കും. ജൂലൈ 31-ന് മുൻപായി ക്രേതാവ് തൈകൾ മുഴുവനും നട്ടു തീർക്കേണ്ടതാണ്. (പ്രവർത്തി III, IV, V, VI-നും മാത്രം ബാധകം).

23. ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 400 എണ്ണം എന്ന കണക്കിൽ കശുമാവ് തൈകൾ നടേണ്ടതാണ്. 400 തൈകൾക്ക് ഒരു ഹെക്ടർ എന്ന് ഏരിയ കണക്കാക്കി ആയിരിക്കും പ്രവർത്തി IV-നും, V-നും കരാർപ്രകാരമുള്ള തുക കോർപ്പറേഷൻ ക്രേതാവിന് നൽകുന്നത്.

24. പ്രവർത്തി VI-നും ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 400 എണ്ണം എന്ന കണക്കിൽ കശുമാവ് തൈകൾ നടേണ്ടതാണ്. കശുമാവിന് ഇടവിളയായി പൈനാപ്പിൾകൃഷി ചെയ്തിട്ടുള്ള മൊത്തം ഏരിയക്കാണ് (സർവ്വേ പ്രകാരം) കരാർ പ്രകാരമുള്ള തുക പ്രവർത്തി VI-ന് ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ടത്.

25. കരാർ പ്രകാരം കോർപ്പറേഷൻ ക്രേതാവിന് നൽകാനുള്ള തുകയുടെ ഷെഡ്യൂളും (പ്രവർത്തി IV, V), ക്രേതാവ് കോർപ്പറേഷന് നൽകാനുള്ള തുകയുടെ ഷെഡ്യൂളും (പ്രവർത്തി VI ) കരാർ ഉറപ്പിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.

**26.** കാട് അടിച്ചേർത്ത് വെട്ടി, ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിൽ വാരിക്കൂട്ടി ഏരിയ വൃത്തിയാകേണ്ടതാണ്. 20 ഇഞ്ചിൽ താഴെ ചുറ്റളവുള്ള മരങ്ങളും, മറ്റ് കുറ്റിക്കാടുകളും അടിച്ചേർത്തു മുറിച്ചുമാറ്റേണ്ടതാണ്. 20 ഇഞ്ചിൽ താഴെയുള്ള മരങ്ങളുടെ അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.

**27.** ഏരിയയിൽ എടുക്കേണ്ട കുഴികളുടെയും, ടെറസ്സിന്റെയും ഉദ്ദേശം എണ്ണമാണ് നോട്ടീസിൽ കാണിച്ചിരിക്കുന്നത്. ആയതു കൂടാനോ കുറയാനോ സാധ്യതയുണ്ട്.

**28.** 3 X 3 അടി അളവിൽ ഒറ്റ ടെറസ്സ് (Single Terrace) എടുത്ത്, ആയതിന് മധ്യത്തിലായി 2 അടി നീളത്തിലും, 2 അടി വീതിയിലും, 2 അടി താഴ്ചയിലും ആണ് കുഴികൾ എടുക്കേണ്ടത്. ടെറസിന്റെ മുൻവശം മണ്ണുവെട്ടിമാറ്റി പുറകുവശത്തേക്കാൾ ഒരടി താഴ്ചയിൽ സ്ലോപ്പുണ്ടാക്കിയാണ് നിർമ്മിക്കേണ്ടത്.

29. കരാർ പ്രകാരമുള്ള ജോലികൾ അവസാനിക്കുമ്പോൾ, മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ അവസാന ഘട്ട തുക ക്രേതാവിന് നൽകുകയുള്ളൂ. (പ്രവർത്തി I, II, III, IV, V- ന് മാത്രം ബാധകം).

30. വന്യമൃഗങ്ങളിൽ നിന്നും റീ-പ്ലാന്റിങ് ഏരിയ സംരക്ഷിക്കുന്നതിനായി ഫലപ്രദമായ സൗരോർജ്ജ വേലി റീ-പ്ലാന്റിങ് ഏരിയയ്ക്ക് ചുറ്റും ക്രേതാവ് സ്വന്തം ചെലവിൽ നിർമ്മിച്ച് (ആവശ്യമുള്ള ബ്ലോക്കുകൾക്കു ചുറ്റും മാത്രം) പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൂടാതെ, വന്യമൃഗങ്ങൾ തോട്ടത്തിൽ പ്രവേശിക്കാതെ മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തേണ്ട ഉത്തരവാദിത്ത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (പ്രവർത്തി V-നും, VI-നും മാത്രം ബാധകം).

31. കരാർ കാലാവധി കഴിയുമ്പോൾ, ബ്ലോക്കുകളിൽ നിർമിച്ചിരിക്കുന്ന സൗരോർജ്ജവേലിയുടെയും അനുബന്ധ ഉപകരണങ്ങളുടെയും അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.

**32.** കരാർ കാലയളവിൽ ഓരോ വർഷവും മാർച്ച് മാസം 31-ാം തിയതിക്ക് മുമ്പായി കശുമാവ് തൈകൾ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി പരിശോധിച്ച് തൈകളുടെ വളർച്ച, എണ്ണം, പരിപാലനം എന്നിവ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുന്നതായിരിക്കും. ആദ്യവർഷവും, രണ്ടാം വർഷവും കശുമാവ് തൈകൾ നഷ്ടപ്പെട്ടാൽ അത്രയും എണ്ണം കശുമാവ് തൈകൾ കരാറുകാരൻ, കോർപ്പറേഷൻ നിർദ്ദേശിക്കുന്ന നഴ്സറിയിൽ നിന്ന് കോർപ്പറേഷൻ നിർദ്ദേശിക്കുന്ന ഇനം തൈകൾ സ്വന്തം ചെലവിൽ വാങ്ങി പൂർണ്ണമായും നട്ടു തരേണ്ടതാണ്. കൂടാതെ രണ്ടാം വർഷം 10 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ, അധികമായി നഷ്ട്ടപ്പെടുന്ന തൈ ഒന്നിന് 1000/- രൂപ വീതം നഷ്ടം ഈടാക്കുന്നതുമാണ്. മൂന്നാം വർഷം കരാർ കാലാവധി തീർത്ത്

പിരിയുന്നതിന് മുൻപായി 15 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ അധികമായി നഷ്ട്ടപ്പെടുന്ന തൈ ഒന്നിന് 3000/- രൂപ വീതവും കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കുന്നതായിരിക്കും (പ്രവർത്തി V-നം, VI-നം മാത്രം ബാധകം).

33. കരാർ കാലയളവിൽ, ക്രേതാവോ ടി-യാന്റെ ജോലിക്കാരോ എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. വിപരീതമായി പ്രർത്തിച്ചാൽ കരാർ റദ്ദുചെയ്യുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

34. ടെണ്ടർ പ്രകാരം 6 വ്യത്യസ്ത പ്രവർത്തികൾ ക്ഷണിക്കുന്നത് ഒരേ ഏരിയക്ക് വേണ്ടി ആയതിനാൽ, ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ച് ഏത് പ്രവർത്തി ഉറപ്പിക്കണമെന്നുള്ള തീരുമാനം എടുക്കാനുള്ള അവകാശം മാനേജിങ് ഡയറക്ടർ, പി.സി.കെ-യിൽ നിക്ഷിപ്തമായിരിക്കും.

Sd/

**മാനേജിങ് ഡയറക്ടർ**

**പ്രഖ്യാപനം: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: